# കേരള സർവകലാശാല

നം. പി.ആർ.095/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.കോം (ആന്വൽ സ്കീം) പരീക്ഷ

ഏപ്രിൽ 30-ന് ആരംഭിക്കുന്ന ബി.കോം (ആന്വൽ സ്കീം) പരീക്ഷയ്ക്ക് ലേണർ സപ്പോർട്ട് സെന്ററുകളിലെ വിദ്യാർത്ഥികൾ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ പരീക്ഷ എഴുതണം.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ബി.എ മ്യൂസിക് പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.എ മ്യൂസിക് സി.ബി.സി.എസ്.എസ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ഏപ്രിൽ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മേയ് രണ്ട് മുതൽ 10 വരെ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ പരീക്ഷ

ജൂലൈ മൂന്നിന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ബി.എ (ആന്വൽ സ്കീം -പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷയ്ക്കും (റഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) ജൂൺ 20 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.ബി.എ (ആന്വൽ സ്കീം-പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷയ്ക്കും (റഗുലർ) പിഴ കൂടാതെ മെയ് 14, 50 രൂപ പിഴയോടെ മെയ് 17, 125 രൂപ പിഴയോടെ മെയ് 21 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓരോ പേപ്പറിനും 125 രൂപ വീതവും (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി 150 രൂപ) 100 രൂപ മാർക്ക്ലിസ്റ്റിനും പുറമെ 200 രൂപ ക്യാമ്പ് ഫീ ആയും അടയ്ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാകേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളൂ. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രവേശന പരീക്ഷ

2018-2019 അദ്ധ്യയന വർഷത്തിലെ ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ് എം.എസ്.ഡബ്ല്യൂ & എം.എ.എച്ച്.ആർ.എം കോഴ്സുകളുടെ പ്രവേശന പരീക്ഷ ജൂൺ 20-ന് നടത്തപ്പെടും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ന്യൂസ് എന്ന ലിങ്കിൽ ലഭിക്കും.

## പ്രോജക്ട് വൈവ, പ്രാക്ടിക്കൽ ടൈംടേബിൾ

ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) 2(b) - ഏപ്രിൽ 2018 പരീക്ഷയുടെ പ്രോജക്ട് വൈവയുടെയും പ്രാക്ടിക്കൽ ലാബിന്റെയും ടൈംടേബിൾ പ്രസിദ്ധീകരിച്ചു. മേയ് 14 മുതൽ 18 വരെ നടക്കുന്ന പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ഫാം പരീക്ഷ

മേയ് 29 ന് ആരംഭിക്കുന്ന മൂന്നാം വർഷം ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴയില്ലാതെ മെയ് ഒൻപത്, 50 രൂപ പിഴയോടെ മെയ്11, 125 രൂപ പിഴയോടെ മെയ് 14 വരെയും ഫീസ് അടയ്ക്കാവുന്നതാണ്.

## പരീക്ഷാകേന്ദ്രങ്ങൾ മാറ്റം

മേയ് രണ്ട് മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.എ ബിരുദ മെയിൻ ആന്റ് സബ്സിഡിയറി (ആന്വൽ) പരീക്ഷാകേന്ദ്രങ്ങളുടെ മാറ്റം ചുവടെ ചേർക്കുന്നു. കൊല്ലം എസ്.എൻ കോളേജ് ഫോർ വിമൻ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ളവർ കൊല്ലം എസ്.എൻ കോളേജിലും, അടൂർ സെന്റ് സിറിൾസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ളവർ കൊട്ടാരക്കര എസ്.ജി കോളേജിലും, ചേർത്തല എസ്.എൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച എൽ.എസ്.സി വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ.കോളേജിലും, തിരുവനന്തപുരം ആൾസെയിന്റ്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച പെൺകുട്ടികൾ വഴുതക്കാട് ഗവ. വിമൻസ് കോളേജിലും, ആൺകുട്ടികൾ പാളയം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിലും, വഴുതക്കാട് ഗവ. വിമൻസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ മാത്രം പാളയം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിലും, ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ഫോർ വിമൻ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ ആലപ്പുഴ എസ്.ഡി കോളേജിലും, തിരുവനന്തപുരം ഗവ. സംസ്കൃത കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഇംഗ്ലീഷ് മെയിൻ വിദ്യാർത്ഥികൾ തുടർന്നുള്ള പരീക്ഷകൾ തിരുവനന്തപുരം ഗവ.സംസ്കൃത കോളേജിലും എഴുതേണ്ടതാണ്.

## മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റണം

വിദൂരവിദ്യാഭ്യാസ കേന്ദ്രം വഴി നവംബർ 2017-ൽ ബി.സി.എ, ബി.എസ്സി കമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി ഒന്നും രണ്ടും വർഷങ്ങളിൽ ഓഫ്‌ലൈനായി തിരുവനന്തപുരം സെന്ററിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും കൊല്ലം എഫ്.എം.എൻ കോളേജ്, ചേർത്തല എസ്.എൻ. കോളേജ് എന്നീ സെന്ററുകളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ അതാത് സെന്ററുകളിൽ നിന്നും ഹാൾടിക്കറ്റുമായി വന്ന് മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റണം.

## ബി.എസ്.സി നഴ്സിംഗ് ഫലം

2017 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ് (മേഴ്സി ചാൻസ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനും മെയ് 10 വരെ അപേക്ഷിക്കാം.

## എം.ടെക്, എം.ആർക്ക് ടൈംടേബിൾ

മേയ് 16-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ടെക് (FT/PT 2013 സ്കീം), നാലാം സെമസ്റ്റർ (PT-2013 സ്കീം), രണ്ടാം സെമസ്റ്റർ എം.ആർക്ക് (2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഹോസ്റ്റൽ പ്രവേശനം

സർലകലാശാലയ്ക്ക് കീഴിലുള്ള തൈക്കാടും കാര്യവട്ടം ക്യാമ്പസിലും സ്ഥിതി ചെയ്യുന്ന ഹോസ്റ്റലുകളിൽ പ്രവേശനത്തിന് നാളിതുവരെയും അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ 10 ദിവസം അനുവദിച്ചിരിക്കുന്നു. http://hostel.keralauniversity.ac.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

തിരുവനന്തപുരം.
28.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098